**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെ ഉന്നയിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021 ജൂൺ 4-ാം തീയതി സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം നമ്പർ ഖണ്ഡിക ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണെന്നും ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ ധനകാര്യ ബില്ലുകൾ ക്രമപ്രകാരമല്ലെന്നുമാണ്.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ നിയമസഭയിൽ 2021 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻസ് ഓഫ് റെവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സ് ആകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 15-ാം കേരള നിയമസഭ നിലവിൽ വന്നതോടുകൂടി പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. അതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിൽ പിശകില്ലെന്ന് കാണുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ പഴയ ബില്ലുകൾ ലാപ്സ് ആയതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനും ഇടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന

ടാക്സ് കളക്ഷൻ നടപടികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ validation clame ഉൾപ്പെടുത്തി അപ്രകാരമുള്ള അപാകതകൾ പരിഹരിക്കാവുന്നതേയുള്ളൂ; അതാണ് നമ്മുടെ സഭയിൽ പൊതുവെ സ്വീകരിച്ചു വരുന്ന നടപടിക്രമം. ആകയാൽ ശ്രീ. കെ. ബാബുവിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ......ഓർഡർ ......

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായിട്ടാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ ഖണ്ഡം 8-ന് പ്രാബല്യം കൊടുത്തിരിക്കുന്നതെന്നും ഇത് നിയമ നിയമവിരുദ്ധവുമാണെന്നാണ് ഡോ. മാത്യു കുഴൽനാടൻ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അതിന്റെ നിയമവശങ്ങൾ വിശദീകരിക്കുകയുണ്ടായി.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ആ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമുള്ള പ്രസ്താവനയോടുകൂടി സഭയിൽ സമർപ്പിച്ച ബില്ലുകളിലെ വ്യവസ്ഥകൾക്ക് തൊട്ടടുത്തു വരുന്ന ഏപ്രിൽ 1 മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ

180 ദിവസം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം ബില്ലിൽ പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിച്ചാൽ മതിയാകുന്നതാണ്. ഇതാണ് ഈ സഭയിലെ കീഴ്വഴക്കം. അതിൽ അപാകതകൾ ഒന്നും കാണുന്നില്ല. ഇവിടെ അവതരിപ്പിക്കുന്ന ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബല്യം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിരിക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യുന്നു.